**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 624** **05-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ വൈദ്യുതി നിയമ ഭേദഗതി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം.വിജിൻ** | | **Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട വൈദ്യുതി നിയമ ഭേദഗതി സൃഷ്ടിക്കാനിടയുള്ള പ്രശ്നങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | ഡീ-ലൈസൻസിംഗ് വഴി വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണത്തിന് ആക്കം കൂട്ടുന്ന നിർദ്ദേശങ്ങളാണ് 2021ലെ വൈദ്യുതി നിയമ ഭേദഗതി നിർദ്ദേശത്തിൽ ഉള്ളത്. കൂട്ടത്തിൽ തന്നിഷ്ടപ്രകാരമുള്ള തിരഞ്ഞെടുപ്പിന് ഉള്ള അവസരം (cherry picking) തുറന്നു കിട്ടുക വഴി സ്വകാര്യമേഖലയ്ക്ക് തങ്ങൾക്ക് ലാഭകരമായ ഉപഭോക്താക്കൾക്ക് മാത്രമായി സേവനം പരിമിതപ്പെടുത്താൻ സാധിക്കുകയും ചെയ്യും. ഇത് സമ്പൂർണ്ണ വൈദ്യുതീകരണം, എല്ലാ വിഭാഗങ്ങൾക്കും താങ്ങാൻ ആകുന്ന വിലയ്ക്ക് വൈദ്യുതി വിതരണം തുടങ്ങി വർഷങ്ങളുടെ പ്രയത്നം മൂലം കേരളം കൈവരിച്ച നേട്ടങ്ങൾ കൈവിട്ട് കളയുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിക്കുമെന്ന് സംസ്ഥാനം ആശങ്കപ്പെടുന്നു. ഉപഭോക്താവിന് ഇഷ്ടാനുസരണം സേവനദാതാവിനെ തിരഞ്ഞെടുക്കാം എന്നും അതിലൂടെ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്താൻ സാധിക്കും എന്ന മിഥ്യാധാരണ നൽകുന്ന പ്രസ്തുത നിർദ്ദേശങ്ങൾ മുഖേന യഥാർഥത്തിൽ സേവന ദാതാവിനാണ് തിരഞ്ഞെടുക്കാൻ അവസരം നൽകുന്നത്. വർഷങ്ങൾക്ക് ശേഷം മാത്രം ലാഭം ലഭിക്കാൻ ഇടയുള്ള വൈദ്യുതി വിതരണ ശൃംഖലാ വികസന പദ്ധതികളിൽ മുതൽമുടക്കാൻ സ്വകാര്യ നിക്ഷേപകർ തയ്യാറാകില്ല. ഇത് ഭാവിയിൽ വിതരണ നഷ്ടം കൂടുന്നതിനും തദ്വാര വൈദ്യുതി വാങ്ങൽ ചെലവ് വർദ്ധിക്കാനും ഇടയാക്കും. വോൾട്ടേജ് ക്ഷാമം, അടിക്കടിയുണ്ടാകുന്ന വൈദ്യുതി മുടക്കം, ശൃംഖലയുടെ ശേഷിക്കുറവ് മൂലം ഉണ്ടാകുന്ന ലോഡ് ഷെഡ്ഡിംഗ് എന്നിവ ഭാവിയിൽ തുടർക്കഥയാകും. ലാഭേച്ഛകൂടാതെ വനാന്തരങ്ങളിലും മറ്റ് വിദൂര |

| | | | |
|---|---|---|---|
| | | | പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കാൻ ഭാവിയിൽ സാധ്യത ഇല്ലാതെയാകും എന്നും ഭയപ്പെടുന്നു. ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം കെ.എസ്.ഇ.ബിക്ക് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ എന്നിവ ആശങ്ക ഉളവാക്കുന്നു |
| (ബി) | കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയത്തിൽ ഏകപക്ഷീയമായി നടത്തുന്ന നിയമനിർമ്മാണം സംസ്ഥാന താല്പര്യത്തിനും ഫെഡറൽ തത്വങ്ങൾക്കും വിരുദ്ധമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (ബി) | ഉണ്ട് ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ സമാവർത്തിപ്പട്ടികയിലെ ഇനം 38 ആയി ഉൾപ്പെടുത്തിയിട്ടുള്ളതും കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നിയമനിർമ്മാണ അധികാരമുള്ളതുമായ വൈദ്യുതി മേഖലയെ സമഗ്രമായി ബാധിക്കുന്ന വൈദ്യുതി ഭേദഗതിബിൽ പാർലമെന്റിൽ അവതരിപ്പിക്കുന്നതിന് മുൻപായി സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യുവാനും സമവായത്തിലെത്തുവാനും കേന്ദ്ര സർക്കാരിന് ബാധ്യതയുണ്ട്. ഇതാണ് ഫെഡറൽ സംവിധാനത്തിന്റെ അന്തസത്ത. മുൻകാലങ്ങളിൽ വൈദ്യുതി മേഖലയിൽ കേന്ദ്ര സർക്കാർ ഇടപെടലുകൾ ഉണ്ടാകുമ്പോഴും വൈദ്യുതിവിതരണം തികച്ചും സംസ്ഥാനതലത്തിൽ ആണ് കൈകാര്യം ചെയ്തിരുന്നത്. സ്വകാര്യവല്ക്കരണത്തിനായി സമ്മർദ്ദങ്ങൾ ഉണ്ടായിരുന്നപ്പോഴും സംസ്ഥാന സർക്കാരുകൾക്ക് ആയത് സംബന്ധിച്ച് തീരുമാനിക്കുവാനുള്ള അവകാശം നിലനിന്നിരുന്നു. എന്നാൽ അത്തരം അവകാശങ്ങൾ പോലും ഇല്ലാതാക്കി വൈദ്യുതി മേഖലയുടെ നിയന്ത്രണം പൂർണമായും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കുന്ന സമീപനമാണ് 2021ലെ വൈദ്യുതി നിയമ ഭേദഗതി മുന്നോട്ടുവയ്ക്കുന്നത് എന്നും വൈദ്യുതി മേഖലയുടെ തകർച്ചക്ക് കാരണമാകുന്നതും സാധാരണക്കാരന് വൈദ്യുതി അപ്രാപ്യം ആക്കിയേക്കാവുന്നതുമായ ഈ ഭേദഗതി രാജ്യത്തെ ഫെഡറൽ ഭരണ തത്വങ്ങൾക്ക് എതിരാണ് എന്നും സംസ്ഥാനം വിലയിരുത്തിയിട്ടുണ്ട്. വൈദ്യുതിമേഖല സംബന്ധിച്ച് തീരുമാനങ്ങളെടുക്കാൻ സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നത് ഭരണ ഘടനയുടെ അടിസ്ഥാനത്തെ ദുർബലപ്പെടുത്തുമെന്നും ഈ കാരണങ്ങൾ കണക്കിലെടുത്ത് വൈദ്യുതി നിയമം ഭേദഗതി ചെയ്യുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നും വൈദ്യുതി ബിൽ ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്നും |

| | | | |
|---|---|---|---|
| | | | സംസ്ഥാന നിയമസഭ 30.08.2021 ന് ഒരു പ്രമേയത്തിലൂടെ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു |
| (സി) | കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉൾപ്പെടെയുള്ള പൊതുമേഖല വൈദ്യുതി കമ്പനികളെയും ഉപഭോക്താക്കളെയും ഒരുപോലെ പ്രതിസന്ധിയിലാക്കാനിടയുള്ള നടപടിക്രമങ്ങളിൽ നിന്ന് പിന്മാറണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ? | (സി) | ആവശ്യപ്പെട്ടിരുന്നു. വൈദ്യുതി ഭേദഗതി ബിൽ 2021 മുന്നോട്ട് വച്ചപ്പോൾ കെ.എസ്ഇ.ബി.എൽ ഇത് സംസ്ഥാനത്തെ ഉപഭോക്താക്കളെയും പൊതുമേഖലാ സ്ഥാപനത്തെയും എങ്ങനെയൊക്കെ ബാധിക്കുമെന്നത് സംബന്ധിച്ച് വിശദമായ കത്ത് മുഖേന 20.02.2021ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. തുടർന്ന് ഇത് സംബന്ധിച്ച സംസ്ഥാനത്തിന്റെ നിലപാടും, ഭേദഗതി മൂലം സാധാരണ ഉപഭോക്താക്കൾക്കും പൊതുമേഖലയ്ക്കും ഉണ്ടാകാനിടയുള്ള ആഘാതവും, ബദൽ നിർദ്ദേശങ്ങളും കാര്യകാരണ സഹിതം 15.3.2021-ലെ എ1/131/2020/ഊ.വ നമ്പർ അർദ്ധഔദ്യോഗികകത്ത് മുഖേന സംസ്ഥാനസർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന ബഹു.വൈദ്യുതി വകുപ്പ് മന്ത്രി 23.07.2021 തീയതിയിലെ 272/M(Ele)/L/2021 കത്ത് പ്രകാരം ഡീ ലൈസൻസിംഗ്, തുടർന്ന് വിതരണ കമ്പനികൾ തന്നിഷ്ടപ്രകാരം നടത്താൻ ഇടയുള്ള ഉപഭോക്താക്കളുടെ തിരഞ്ഞെടുപ്പ്, ക്രോസ്-സബ്സിഡി ഇല്ലാതാകുന്ന സാഹചര്യം, നിലവിലുള്ള വൈദ്യുതി വാങ്ങൽ കരാറുകൾ (പ്രത്യേകിച്ച് ഉയർന്ന നിരക്ക് ഉള്ളവ) വഴിയുള്ള ബാധ്യത പുതിയ വിതരണ കമ്പനി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം കെ.എസ്.ഇ..ബി ക്ക് വരാൻ പോകുന്ന ബാധ്യത, വിതരണ ശൃംഖലയുടെ വികസനത്തിലും പരിപാലനത്തിലും വരാൻ സാധ്യതയുള്ള പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച സംസ്ഥാനത്തിന്റെ ആശങ്കകളും, കേരളം വൈദ്യുതി വിതരണം പൊതുമേഖലയിൽ നിർത്തിക്കൊണ്ട് കൈവരിച്ച നേട്ടങ്ങളും കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്. 17.02.2021 തീയതി കേന്ദ്ര ഊർജ്ജ വകുപ്പ് മന്ത്രി വിവിധ സംസ്ഥാന ഊർജ്ജ വകുപ്പ് സെക്രട്ടറിമാരും ഉത്പാദനപ്രസരണ-വിതരണ കമ്പനികളുടെ മേധാവികളുമായി നടത്തിയ ഓൺലൈൻ മീറ്റിങ്ങിലും ബഹുമാനപ്പെട്ട പ്രധാനമന്ത്രി 18.02.2021 തീയതിയിൽ നടത്തിയ വെബിനാറിലും പ്രസ്തുത ഭേദഗതി നിർദ്ദേശങ്ങൾ സംബന്ധിച്ച പരാമർശങ്ങൾ ഉണ്ടായിരുന്നു. തദവസരങ്ങളിലും കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ തങ്ങളുടെ ആശങ്കകളും ബദൽ നിർദ്ദേശങ്ങളും അവതരിപ്പിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ